**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1977** **29-07-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതീകരിക്കാത്ത വീട്ടുകളിലെ ഓൺലൈൻ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി കണക്ഷൻ ഇല്ലാത്തതു കാരണം ഓൺലൈൻ പഠനം മുടങ്ങുന്ന വിദ്യാർഥികളുടെ വീട്ടുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച അപേക്ഷകളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കാമോ; | (എ) | വൈദ്യുതി ലഭ്യമല്ലാത്തതിനാൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ല എന്നുള്ള നിവേദനങ്ങളിൽ അവരുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പ്രത്യേക പരിഗണന നൽകി സൗജന്യമായി വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി നൽകുന്നുണ്ട്. 1000W വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ. ബി.എൽ- ന്റെ തനതു ഫണ്ടിൽ നിന്നും നൽകി വരുന്നു. |
| (ബി) | വീട്ടുനമ്പർ ലഭിക്കാത്തതു കാരണം വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീട്ടുകളിൽ പഠനം മുടങ്ങിയ വിദ്യാർഥികൾക്ക് വൈദ്യുതി സൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വീട്ടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ സർക്കാർ തീരുമാനിക്കുകയും കെ.എസ്.ഇ.ബി.എൽ അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീട്ടുകൾക്ക് താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുത കണക്ഷൻ നല്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. 04.05.2021 ലെ ബോർഡ് ഉത്തരവ് പ്രകാരം, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Electricity (Rights of Consumers) Rules, 2020ലെ റെഗുലേഷൻ4 (9)പ്രകാരം, ലോടെൻഷൻ വിഭാഗത്തിൽപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും, പുതിയ കണക്ഷനുള്ള അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിലാസത്തിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശ രേഖയായി കണക്കാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ചിരിക്കുന്ന എല്ലാ |

| | | | |
|---|---|---|---|
| | | | ഇളവുകളും വിദ്യാർഥികളുള്ള വീടുകൾക്കും ബാധകമാണ്. |
| (സി) | ഓൺലൈൻ പഠനം ആരംഭിച്ച സാഹചര്യം വിലയിരുത്തി വൈദ്യുതീകരിക്കാത്ത വീടുകളിൽ വിദ്യാർത്ഥികളുടെ പഠനത്തിന് സൗകര്യമൊരുക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിർദ്ദേശം സർക്കാർ കെഎസ്ഇബിക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | സർക്കാർ നിർദേശം അനുസരിച്ച സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേക്കായി, വൈദ്യുതി എത്തിയിട്ടില്ലാത്ത 64 ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ വനാന്തർ ഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിനു വനത്തിൽ കൂടി ലൈൻ വലിച്ച വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും കണക്കിലെടുത്ത് വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്ന തിനായി സംസ്ഥാന ജില്ലാതലസമിതികൾ 05.07.2021 ലെ ഗവണ്മെന്റ് ഉത്തരവ് G.O(Rt)No.87/2021/Power Department പ്രകാരം രൂപീകരിക്കുകയും സമിതിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഊർജ്ജ വകുപ്പ്- സംസ്ഥാനത്തെ ആദിവാസി കോളനികളിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് കർമ്മപദ്ധതി - സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ച് ഉത്തരവാകുന്നു.

ഊർജ്ജ (സി) വകുപ്പ്

സ.ഉ.(സാധാ) നം.87/2021/ഊ.വ തീയതി,തിരുവനന്തപുരം, 05/07/2021

<u>ഉത്തരവ്</u>

സംസ്ഥാനത്തെ ആദിവാസി കോളനികളിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും ഇതുവരെ വൈദ്യുതി എത്താത്ത 60 കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനുമായി താഴെ പറയും പ്രകാരം സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ച് ഉത്തരവാകുന്നു.

<u>സംസ്ഥാനതല സമിതി</u>

| | |
|---|---|
| സെക്രട്ടറി , ഊർജ്ജ വകുപ്പ് | കൺവീനർ |
| അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് | അംഗങ്ങൾ |
| പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ് | |
| സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് | |
| ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് | |
| ഡയറക്ടർ,അനർട്ട് | |
| ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് | |
| മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ | |

<u>ജില്ലാതല സമിതി</u>

| | |
|---|---|
| ജില്ലാ കളക്ടർ | ചെയർമാൻ |
| പ്രതിനിധി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് | കൺവീനർ |

| | |
|---|---|
| പ്രതിനിധി, പട്ടികവർഗ്ഗ വികസന വകുപ്പ് | |
| പ്രതിനിധി, തദ്ദേശസ്വയംഭരണ വകുപ്പ് | |
| പ്രതിനിധി, വനം വകുപ്പ് | } അംഗങ്ങൾ |
| സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക്.ഐ.എ.എസ്

സെക്രട്ടറി

അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽസെക്രട്ടറി, വനം വകുപ്പ്

സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും.

ചെയർമാൻ,കേരള സംസ്ഥാന വൈദ്യുതി ബോർഡ്

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

ഡയറക്ടർ.അനർട്ട്

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്

വനം വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ